N.S.S H.S.S KOOTTAR

KARUNAPURAM PO

# ഇതളുകൾ...

## ഇന്നിന്റെ ഓർമ്മകൾ

DIGITAL MAGAZINE

by little kites NSS HSS KOOTTAR

## ഉള്ളടക്കം

ആനയുടെ അഹങ്കാരം -കഥ

ഗോവർദ്ധനം -കഥ

ഇംഗ്ളീഷ് ഗ്രാമർ

കടംകഥ

poem- Mother to Son

നമ്പ്യാർ ചൊല്ലുകൾ

പഴംചൊല്ലുകൾ

poetry

proverbs

Quotes Of Mahathmagandhi

കൊക്കിനു പറ്റിയ അമളി. -കഥ

സ്വപ്നം -കവിത

വായന -കുറിപ്പ്

അമ്മ -കവിത

ജീവിതം -കവിത

കാണാകാഴ്ചകൾ -കവിത

ബന്ധത്തിന്റെ വില -കഥ

വിദ്യാലയം -കവിത

കുസൃതി കണക്കുകൾ

കുട്ടിക്കഥ



## ആനയുടെ അഹങ്കാരം

ഒരിടത്ത് ഒരു കൊടും
കാടുണ്ടായിരുന്നു അവിടെ
പലതരംജീവികളുംമൃഗങ്ങളുംജീവിച്ചിരുന്നുഅവരുവളരെസന്തോഷ
മായികഴിയുകയായിരുന്നു.അപ്പോളാണ്ഉപദ്രവകാരിയായ ഒരു
കൊമ്പനാന ആ കാട്ടിലേക്ക് വന്നത് അവിടെ ചിക്കു
എന്നമുയൽ ക്യാരറ്റ് കഴിച്ചുകൊണ്ടിരിക്കുകയായിരുന്നു ഘ്റ...
ഘ്റ... എന്നൊരു ശബ്ദം കേട്ടു നോക്കിയപ്പോൾ അവിടെ ഒരു
ആന. അവനെ ആന ഓടിച്ചു,അവൻ ഓടി കാട്ടിനുള്ളിൽ
ഒളിച്ചു.കാട്ടിലുള്ളയെല്ലാവരും ഈ വിവരം അറിഞ്ഞു എല്ലാവരും
ഭയപ്പെട്ടു.

അപ്പോൾ മിക്കു എന്ന കരടി ഓടി വന്നു പറഞ്ഞു നമ്മുടെ
മാനിനെ കൊമ്പൻ കൊന്നുകളഞ്ഞു.ഇതു കേട്ടയെല്ലാവർക്കും
കലികേറി.കൊമ്പനിട്ടൊരു പണികൊടുക്കാൻവേണ്ടി അവർ ഒരു
വലിയ കുഴികുത്തി അതിന്റെ മുകളിൽ കനം കുറഞ്ഞ
കമ്പുകൾ നിരത്തി അതുകഴിഞ്ഞ് മുയൽ കൊമ്പനെ വെല്ലു
വിളിച്ചു ചുണയുണ്ടെങ്കിൽ എന്നെ പിടിക്ക് എന്നിട്ട് മുയൽ ഓടി
കുഴിയുടെ അടുത്തെത്തി.ആനയും പുറകെ വന്നു.മുയൽ മാറി
കൊടുത്തു ആന കുഴിയിൽ വീണു.
എല്ലാവരും സന്തോഷവാന്മാരായി...



അനുമോൾ

കഥ

# ഗോവർധനോദ്ധാരണം

കൃഷ്ണൻ അമ്പാടിയിലെ ഗോപികമാരുമായിച്ചേർന്ന് കളിച്ചുല്ലസിച്ച് നടക്കുന്നകാലം ഒരു ദിവസം ദേവരാജാവായ ഇന്ദ്രന് പുജചെയ്യാൻ ഗോപന്മാരെല്ലാവരും ഒരുങ്ങുന്നതുകാണാൻ ഇടയായ കൃഷ്ണൻ നന്ദഗോപരോട് ചോദിച്ചു."അച്ഛാ ആരുടെ പൂജക്കാണ് ഈ സാധനങ്ങളൊക്കെയും ഒരിക്കിവയ്ക്കുന്നത്." വാത്സല്യത്തോടെ നന്ദഗോപർ മറുപടി പറഞ്ഞു, "ദേവരാജനായ ഇന്ദ്രന് വർഷം തോറും നടത്താറുള്ള പൂജയ്ക്ക് ഒരുങ്ങുകയാണു നമ്മൾ. വാനവരുടെ നായകന്റെ ആജ്ഞയാലാണ് നമുക്ക് വർഷക്കാലം കിട്ടുന്നത്. അതതുക്കാലത്ത് പെയ്യുന്ന മഴയെ പൂജിച്ച് പ്രീതിപ്പെടുത്തി പാലിച്ചുകൊള്ളുവാൻ പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. അച്ഛന്റെ മറുപടി കേട്ട് കണ്ണൻ ഒന്നു പുഞ്ചിരിച്ചു. എന്നിട്ടു പറഞ്ഞു:" മഴക്കുകാരണം ഇന്ദ്രനാണോ? മഴ അതിനു തോന്നുമ്പോൾ പെയ്യുന്നു. സത്യം പറഞ്ഞാൽ ഓരോരുത്തരും അവരവരുടെ കർമ്മത്തെയാണ് പൂജിക്കേണ്ടത്. ഗോവർദ്ധനത്തെയും ഗോക്കളെയും പൂജിക്കുകയല്ലോ വേണ്ടത്. നിങ്ങൾ ഒരോരുത്തരും ചിന്തിച്ചു വേണ്ടതുച്ചെയ്യുക ." ഒരുനിമിഷം അമ്പരന്നുനിന്ന ഗോപന്മാരെല്ലാവരും ഒരുമിച്ച് പറഞ്ഞു "ശരിയാണ്" , നമ്മുടെ കണ്ണൻ പറഞ്ഞത് ശരിയാണ്. നാം ഗോവർദ്ധനത്തെയും ഗോക്കളെയും അല്ലെ പൂജിക്കേണ്ടത്. താമസിക്കാതെ ഇന്ദ്ര പൂജക്കൊരുക്കിയ സന്നാഹങ്ങളോടെ അവർ ഗോവർധന പർവ്വതത്തെ പൂജിക്കാൻ തുടങ്ങി. ഗോക്കളെ പൂജിച്ച് പൂചൂടിച്ച് കുറിതൊട്ട് പർവ്വത പാർശ്വത്തിൽ നിർത്തി.

ജോസ്ന & ജുബി

GRAMMER

# Relative Pronouns

**WHO -** It is used to refer to people.

e.g. The man who works at the post office is very kind.

**WHICH-** It is used to refer to animals and object6s'

e.g. I have a gift with me which my friend brought.

**WHOSE-** It is used to refer to possessions.

e.g. The tree whose branches shade my kitchen window is an oak.

**THAT-** It is used to refer to people, animal

e.g. The dog that is chasing the squirrels belongs to me.

**WHERE-**It is used to refer to place

e.g. This is the school where I studied

**WHEN-**It is used to refer to time.

e.g. My grandfather remembers the time when there was no television

Sobin and Vaishnav

# കടങ്കഥകൾ

- വെളുത്തറോഡിലൂടെ കറുത്തകരോടുന്ന :കണ്ണ്
- വേലിമേൽ നറുങ്ങരി : ചിതൽ
- വയറൊന്ന് പായരണ്ട് വയറ്റിൽ നിറയെ മക്കൾ :തീപ്പെട്ടി
- വാങ്ങുന്നവൻ ഉപയോഗിക്കുന്നില്ല ഉപയോഗിക്കുന്നവൻ അറിയുന്നില്ല : ശവപ്പെട്ടി
- വെളുത്ത സായിപ്പിന് കറുത്തതൊപ്പി : തീപ്പെട്ടി
- ആദ്യംനാല്കാൽ പിന്നെ മൂന്നുകാൽ അവസാനം രണ്ട് കാലിൽ നടക്കുന്ന ജീവി : മനുഷ്യൻ
- രണ്ട് പെൺ കുഞ്ഞുങ്ങൾ സുന്ദരി പെണ്ണുങ്ങൾ രണ്ടാളും ഒരുമിച്ചെ കരയുകയുള്ളു : കണ്ണ്
- ഉരുട്ടാം, പുരട്ടാം എടുക്കാൻ വയ്യ : കണ്ണ്
- അക്കരെ നിൽക്കും തുഞ്ചാണി ഇക്കരെ നിൽക്കും തുഞ്ചാണി കൂട്ടിമുട്ടും തുഞ്ചാണി : കണ്ണ്
- ഒരമ്മയ്ക്ക് രണ്ടു മക്കൾ ഇരുവരും കറുത്തിട്ടും വെളുത്തിട്ടും :കണ്ണ്
- തോണ്ടാത്ത കുളമേത് : കടൽ

അനുമോൾ & അനിറ്റ

# *MOTHER TO SON...*

*Well, son, I'll tell you:*
*Life for me ain't been no crystal stair.*
*It's had tacks in it,*
*And splinters,*
*And boards torn up,*
*And places with no carpet on the floor-*
*Bare.*
*But all the time*
*I'se been a- climbin' on,*
*And reachin' landin's,*
*And turnin' corners'*
*And sometimes goin' in the dark*
*Where there ain't been no light.*
*So,boy,don't you turn back.*
*Don't you set down on the steps.*
*'Cause you finds it's kinder hard.*
*Don't you fall naw-*
*For I'se stil goin',honey,*
*I'se still climbin',*
*And life for me ain't been no crystal stair.*

*-Langston Hughes*

Anittamol and Jinimol

## നമ്പ്യാർ കൃതികളിലെ പഴഞ്ചൊല്ലുകൾ.....

- കണ്ണിണ കൊണ്ടു കടുകട വറക്കുന്ന
  പെണ്ണിനെ കണ്ടാലടങ്ങുമോ പൂരുഷൻ

- മുല്ലപ്പൂമ്പൊടിയേറ്റു കിടക്കും കല്ലിനു
  മുണ്ടൊരു സൗരഭ്യം

- കയ്യിൽ കിട്ടിയ കനകവുമുപേക്ഷിച്ചിയം
  കൊൾവാൻ ആശിക്കുന്നു

- ആശാനക്ഷരമൊന്നു പിഴച്ചാൽ
  അമ്പത്തൊന്നു പിഴയ്ക്കും ശിഷ്യന്

- കർമ്മദോഷത്താൽ വരുന്ന
  രോഗങ്ങൾക്കുച്ചെമ്മേ കഷായം കുടിച്ചാൽ
  ഫലിക്കുമോ?

- തട്ടും കൊട്ടും ചെണ്ടയ്ക്കത്രേ
  കിട്ടും പണമതുമാരാന്മാർക്കും.

ജോബിറ്റ് & അനൂപ്

# <u>കൃഷി ചൊല്ലുകൾ</u>

1. മകരത്തിൽ മഴ പെയ്താൽ മലയാളം മുടിയും
2. മണ്ണേറിഞ്ഞാലും പൊന്നു കായ്ക്കും
3. മഴയും ഇല്ല വിളയും ഇല്ല
4. മുൻ വിള  പൊൻ വിള
5. വിത്ത് മുളയിലറിയാം
6. വിളഞ്ഞ കതിർ വളയും
7. വിള പുറത്തിട്ട് വേലി കെട്ടരുത്
8. വിളഞ്ഞതിലേക്ക് തേവരുത്
9. വിളയും, വിത്തും മുളയിലറിയാം
10. വിളയോടൊപ്പം കളയും
11. കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും മാണിക്യം
12. വിത്താഴം ചെന്നാൽ പത്താഴം  നിറയും
13. കന്നില്ലാ കൃഷിയുമകാം  കന്നില്ലാ പെണ്ണുമാകാം
14. കാത്ത വിത്തിന് വേരുമില്ല
15. കാലം നോക്കി കൃഷി ചെയ്യണം
16. കാലത്ത് വിതച്ചേ കതിർ വിളയൂ.
17. കാലത്തെ വിതച്ചാൽ നേരത്തിനു കൊയ്യാം
18. കുംഭത്തിൽ വെച്ചാൽ കുന്നോളം
19. കാണം വിറ്റ് തിന്നാലും നാണം വിറ്റ് തിന്നരുത്
20. കൊല്ലക്കുടിയിൽ സൂചി വിൽക്കരുത്
21. കടയ്ക്കൽ നനച്ചേ തലയ്ക്കൽ പൊടിക്കൂ
22. കുംഭത്തിൽ മഴ പെയ്താൽ കുപ്പിയിലുംവെള്ളം
23. കോഴിക്കുണ്ടോ നെല്ലും പതിരും
24. കയ്ച്ചിട്ടിറക്കാനും വയ്യ മധുരിച്ചിട്ട് തുപ്പാനും വയ്യ
25. കിട്ടുമ്പോ തിരുവോണം കിട്ടാഞ്ഞാൽ ഏകാദശി
26. കന്നു പോലെ ഉണം

വൈഷ്ണവ് സജി.

# POETRY...

And it was at that age.....
poetry arrived in search of me.
I don’t know, I don’t know where
it came from,from winter or a river.
I don’t know how or when,
no they were not voices,they were not
words,nor silence,
but from a treet i was summoned,
from the branches of night,
abruptly from the branches

VINEETHA SOMAN

# PROVERBS

Some English proverbs with meanings

1. A bad work man always blames his tools:
   It is used when someone blames the quality of their eqipment or other external factors when they perform a task poorly

2. A bird in hand is worth two in the bush
   things we already have are more valuable than what we hope to get.

3. Absence makes the heart grow fonder
   When people we love are not with us, we love them even more.

4. A cat has nine lives
   Cat can survive seemingly fatal events.

5. A chain is only as strong as its weakest link.
   One weak part will render the whole weak.

6. Action speaks louder than words.
   Actions are a better reflection of one's character because vit is easy to say things ,but difficult to act on them and follow through.

7. A drowning man will clutch at a straw.
   When some one is in a difficult situation , he will take any available opportunity to improve it.

8. Adversity and loss makes a man wise
   We gain wisdom faster in difficult times than in prosperous times.

9. A fool and money are soon parted.
   Foolish people do not know how to hold on to their money.

10. A journey of thousand miles begins with a single step.
    However big a task is, it starts with a small step.

# QUOTES OF MAHATMA GANDHI

“Happiness is when what you think, what you say and what you do are in harmony.”

“An eye for an eye only ends up making the whole world blind.”

“Where there is love ,there is life.”

“In a gentle way you can shake the world.”



“Action expresses priorities.”

“Hate the sin, love the sinner.”

“The weak can never forgive. Forgiveness is the attribute of the strong.”

“The future depends on what we do in the present.”

“Earth provides enough to satisfy every man’s needs, but not every man’s greed.”

“I will not let anyone walk through my mind with their dirty feet.”

# കൊക്കിന് പറ്റിയ അക്കിടി

ഒരിടത്ത് ഒരു ചെറിയ കുളം ഉണ്ടായിരുന്നു.അതിൽ അനേകം ജീവികൾ ഉണ്ടായിരുന്നു.ഒരു വേനൽ കാലത്ത് കുളങ്ങൾ വറ്റിവരണ്ടു.അപ്പോൾ ഒരു കൊക്കു വന്നു പറഞ്ഞു ഈ കുളവും ഉടനെ വറ്റും അപ്പോൾ കുളത്തിലെ ഞണ്ടും മത്സ്യങ്ങളും പാമ്പും ഒക്കെ ഭയന്നു.അപ്പോൾ കൊക്ക് വന്ന് പറഞ്ഞു ഞാൻ നിങ്ങളെ ഒരിക്കലും പറ്റാത്ത കുളത്തിൽ കൊണ്ട് പോകാം.അപ്പോൾ അവർക്ക് സന്തോഷമായി. കൊക്ക് ഒരോ ദിവസവും ഒരോരുത്തരെയായി കൊണ്ടു പോയി.മത്സ്യത്തെയും  എല്ലാത്തിനെയും കൊണ്ടു പോയി. അവസാനം കൊണ്ടു പോയി.കുറച്ച് കഴിഞ്ഞപ്പോൾ ഞണ്ടിന് മനസ്സിലായി മുമ്പ്കൊണ്ടുപോയ ജീവികളെയെല്ലാം കൊക്ക് കഴിക്കുകയായിരുന്നെന്ന്.ഞണ്ട് കൊക്കിന്റെ കഴുത്ത് ഇറുക്കി പിടിച്ചു.കൊക്ക് ചത്തു വീണു.

സൂരജ് സജി.

# സ്വപ്നം

മനസ്സിൽ വിരിയുന്ന പൂവാണ് സ്വപ്നം
പൂവിൽ വിരിയുന്ന ഇതളാണ് സ്വപ്നം
എന്നും മറയാതെ നിൽക്കുന്ന
മഴയാണ് സ്വപ്നം
സ്നേഹത്തിൽ മറയാതെ
നിൽക്കുന്ന പൂവാണ് സ്വപ്നം
ഒരിക്കലും മറയാത്ത സ്നേഹ
മാണ് സ്വപ്നം
വിരിയാത്ത പീവിന്റെ അറിയാത്ത
സുഗന്ധമാണ് സ്വപ്നം
എന്നെന്നും നിലനിൽക്കുന്ന
പൂവിന്റെ ഗന്ധം അറിയാത്ത പൂവിന്റെ
വിലയെന്ന സ്വപ്നം

അഞ്ജു രാജേന്ദ്രൻ

കുറിപ്പ്

# വായന

ഒരു മഹാ പുരുഷൻ വലിയൊരു വായനക്കാരനായിരിക്കണമെന്ന് എമെഴ്സൺ പ്രസ്ഥാപിച്ചിട്ടുണ്ട്. വായന മനസ്സിന്റെ ഭക്ഷണമാണ് മനസ്സിൽ സംസ്കാരത്തിന്റെ വെളിച്ചം വീശുന്നതാണ് ഉത്തമ ഗ്രന്ഥങ്ങൾ. കൈയിൽ ഒരു വാളും പോക്കറ്റിൽ ക്യൂമറിന്റെ ഗ്രന്ഥവും ഉണ്ടെങ്കിൽ ഞാൻ എന്റെ വഴി വെട്ടിതെളിക്കുമെന്ന് നെപ്പോളിയൻ ഒരിക്കൽ പറയുകയുണ്ടായി. അറിവാണു ശക്തി ആ വലിയ തത്വം ഉപയോഗിച്ച് മുന്നേറാൻ പുസ്തക പാരായണങ്ങൾക്കെ കഴിയൂ. ഇഗ്നേഷ്യസ്ലയോളയെ മഹാനാക്കിയത് വായനയാണെങ്കിൽ എബ്രഹാം ലിങ്കനെ അമേരിക്കൻ പ്രസിഡന്റ് ആക്കിയതും വായന തന്നെ. വായനകൊണ്ടു മാത്രം താന്താങ്ങളുടെ ഭാവി രുപീകരിച്ച അനേകം മാഹാൻ മാരുണ്ട് ചരിത്രത്തിൽ. അവരെപ്പോലെ നമ്മുക്ക് മുന്നേറാം.

അഞ്ജു & അലീന

# അമ്മ

നെഞ്ചോട് ചേർത്തെന്നെ മുലയൂട്ടി

വളർത്തിയ അമ്മതൻ സ്നേഹം എത്രയോ ധന്യം

തേടി ഞാൻ എവിടയാണാ ധന്യാത്മാവ്

തേടുന്നു ഞാൻ അമ്മതൻ സ്നേഹം..



അലയടിച്ചുയരുന്ന മനസ്സിൽ നൊമ്പരങ്ങൾ

അടക്കി ഞാൻ ഉള്ളിൽ തേങ്ങി സ്നേഹമാം

ആഴക്കടലിൽ ഞാൻ മുങ്ങി തിരഞ്ഞു

എവിടെയെൻ താത എവിടെയെൻ അമ്മ

അമ്മയെത്തേടി നടക്കവെ എവിടെനിന്നൊ

അലയടിച്ചുയരുന്ന തിരമാലകൾ പോലെ

ഒരു സ്വരം എൻ മനസ്സിൽ ഹൃത്തൊന്നുപിടഞ്ഞു..

എൻ അമ്മ എൻ അമ്മതൻ സ്വരം

അതാ എൻ വാത്സല്യമാതാവ് എന്നെ മാടി വിളിക്കുന്നു

അവിടേയ്ക്ക്  ഞാൻ നടന്നിറങ്ങി പൂമൊട്ടുകളായി

മനസ്സിൻ തിരമാലകൾക്കിടയിലൂടെ.......

*Anumol Anto*

കവിത

# ജീവിതം

ലോകത്തിൽ കൊഴിഞ്ഞുതീരും ജീവിതം.
ഈ ലോകത്തിൽ പണം മാത്രം മതിയെന്ന
സങ്കല്പത്തിൽ ജീവിക്കും മനുഷ്യർ
പകയും വിദ്വേഷവുമായി ജീവിക്കും മനുഷ്യർ.
ദുഃഖവും ദുരിതങ്ങളുമായി തീരും ജീവിതം

സ്നേഹം മാത്രമായി ചില ജീവിതങ്ങൾ
ലക്ഷ്യം മാത്രമായ് ചിലർ.
അങ്ങനെ ജീവിതമാകുന്ന
നദീ തീരങ്ങളിലൂടെ ഒഴുകി ഒഴുകി മനുഷ്യർ.
ജീവിതമാകുന്ന വിത്ത് വിതച്ച് മരണമാകുന്ന
കതിരുകൾ കൊയ്ത് മനുഷ്യൻ വീണ്ടും ഉയരങ്ങളിലേക്ക്

...........

Abhijith and Vaishnav

# <u>കാണാ കാഴ്ച്ചകൾ</u>

നീലകാർവർണ്ണനെ എനിക്കറിയില്ല
സദ്ധ്യയുടെ സൂര്യനെയും എനിക്കറിയില്ല
നിറയെ വിരിയുന്ന സൂര്യകാന്തിപൂക്കളും
നിലാവ് വീഴുന്ന മരച്ചുവട്ടും എന്റെ പാഴ്ക്കിനാവുകൾ
കാണാൻ കഴിയാത്ത എന്റെ കണ്ണുകളും  എല്ലാം  കാണുന്ന
ആ മനസ്സുമാത്രം നിറയുന്ന  യാത്ഥാർഥ്യം അന്തതയുടെ
ശപിക്കപ്പെട്ട  ഇരുട്ടിൽ ദുഃഖം ഹൃദയത്തിൽ നിഴൽ
വിരിക്കുമ്പോൾ ദൈവം തരാതിരുന്നസൗഭാഗ്യങ്ങൾ
ഓർ<u>ത്തു</u> ഞാൻ നെമ്പരങ്ങളിലാർന്ന ഒരു നിമിഷം
സ്പർശനങ്ങൾ നിറമുള്ള കാഴ്ച്ചകൾ ആകുമ്പോൾ
കാഴ്ച്ചയുടെ അന്യമായ ലോകത്ത്  സ്നേഹത്തിന്റെ പുതിയ
പ്രഭാതമായി പിന്നെയും ഞാൻ............

ജിൻസ് വർഗ്ഗീസ്

കഥ

# ബന്ധത്തിന്റെ വില

ഒരിടത്ത് രണ്ട് കിളികൾ ഉണ്ടായിരുന്നു. ചിന്നുവും മിന്നുവും . അവർ ഉറ്റ സുഹൃത്തുക്കളായിരുന്നു. എല്ലാ ദിവസവും രാവിലെ അവർ പറക്കാൻ ഇറങ്ങുമായിരുന്നു. അങ്ങനെ ഒരു ദിവസം അവർ പറക്കാൻ പോയപ്പോൾ ചിന്നു മിന്നുവിനോട് പറഞ്ഞു എന്നും നമ്മൾ ഒരേ സ്ഥലത്തു തന്നെയല്ലേ വരുന്നത് . ഇന്ന് നമുക്ക് കുറച്ചു ദൂരോട്ടു പോകാം . അപ്പോൾ മിന്നു പറഞ്ഞു അയ്യോ ഞാനില്ല അവിടെയെല്ലാം ഒരുപാട് വലിയ പക്ഷികൾ കാണും അവർ നമ്മളെ പിടിച്ചു തിന്നും . ഞാൻ വരുന്നില്ല. അപ്പോൾ ചിന്നു പറഞ്ഞു അല്ലെങ്കിലും നിനക്ക് ഞാൻ എന്തെങ്കിലും പറയുമ്പോൾ മാത്രമേ പേടിയുള്ളു. നിന്നോട് ഞാൻ ഇനി മിണ്ടില്ല എന്നു പറഞ്ഞ് അവർ രണ്ടും പിണങ്ങി. രാത്രി ആയിട്ടും ചിന്നുവിന്റെ പിണക്കം മാറിയില്ല . മിന്നുവിന് ആകെ സങ്കടമായി. അങ്ങനെയിരിക്കെ ഒരു ദിവസം ചിന്നു ഒറ്റക്ക് പറക്കാൻ പോയി. പറന്ന് തളർന്നപ്പോൾ ഒരു മരക്കൊമ്പിൽ ചിന്നു ഇരിക്കുകയായിരുന്നു. അപ്പോൾ ഒരു വലിയ പരുന്ത് ചിന്നുവിനെ പിടിക്കാൻ വന്നു. ചിന്നു നിലവിളിച്ചുകൊണ്ട് വേഗത്തിൽ പറന്നു. ചിന്നുവിന്റെ കരച്ചിൽ കേട്ട് മിന്നു അങ്ങോട്ടു വന്നു . രണ്ടുപേരും കൂടി ഒരു മരപ്പൊത്തിൽ ഒളിച്ചു. അവരെ കാണാതായപ്പോൾ പരുന്ത് പറന്നുപോയി. മിന്നു ചിന്നുവിനോട് ചോദിച്ചു നിനക്കെന്തെങ്കിലും പറ്റിയോ ? ഇല്ല എനിക്കൊന്നും പറ്റിയില്ല. ചിന്നു പറഞ്ഞു. അപ്പോൾ മിന്നു പറഞ്ഞു ഞാൻ നേരത്തെ പറഞ്ഞതല്ലേ ഇങ്ങോട്ടൊന്നും വരണ്ട എന്ന്. ഇല്ല ഞാനിനി വരില്ല ഇനിയെല്ലാം എന്റെ സുഹൃത്താണ്. വാ നമുക്ക് കൂട്ടിൽ പോകാം . അങ്ങനെ വീണ്ടും അവർ ചങ്ങാതിമാരായി.

അഭിനവ് ഷിജു & അഭിജിത്ത്

# വിദ്യാലയം




എന്റെ വിദ്യാലയം, ഞങ്ങളുടെ വിദ്യാലയം
അറിവിന്റെ നിറകുടമായി എന്റെ വിദ്യാലയം
ആദ്യമായ് ഞാൻ അറിവുകൾ നേടി,
കൈ പിടിച്ചുയർത്തുന്ന എൻ ഗുരു നാഥൻ

അറിവിന്റെ പാതകൾ താങ്ങായി
തണലായി നിൽക്കുമെൻ വിദ്യാലയം
പൂപോലെ വിടരുമെൻ ഹൃത്തിൽ
സ്നേഹമായെൻ വിദ്യാലയം

വരമ്പുകൾ കടന്ന് ഞാൻ അക്കരെ
ചെല്ലുമ്പോൾ തിരിഞ്ഞ്
നോക്കുവാൻ ഒരോർമ്മ മാത്രം
എൻ വിദ്യാലയം.....

അഞ്ജു ജോമോൻ



കുട്ടികളുടെ രചനകൾ





# ലഹരി വിരുദ്ധദിന പോസ്റ്ററുകൾ










